**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3930** **28-06-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിൽ 19.08.2023 തീയതിയിലെ 517/2023/ ഡി.എം.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച റോഡ് പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>അനുവദനീയമല്ലാത്ത കോൺക്രീറ്റ് വർക്ക് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് സമർപ്പിക്കപ്പെട്ട പദ്ധതികളായതിനാൽ അംഗീകാരത്തിനായി പുന:സമർപ്പിക്കുന്നതിന് വന്ന കാലതാമസവും മറ്റുമാണ് പ്രവൃത്തി തുടങ്ങാൻ താമസം നേരിടുന്നതിന് കാരണമായത്. |
| (ബി) | ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത റോഡ് പ്രവൃത്തി തുടങ്ങാൻ വൈകിയതിന്റെ കാരണം വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>അനുവദനീയമല്ലാത്ത കോൺക്രീറ്റ് വർക്ക് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് സമർപ്പിക്കപ്പെട്ട പദ്ധതികളായതിനാൽ അംഗീകാരത്തിനായി പുന:സമർപ്പിക്കുന്നതിന് വന്ന കാലതാമസവും മറ്റുമാണ് പ്രവൃത്തി തുടങ്ങാൻ താമസം നേരിടുന്നതിന് കാരണമായത്. |
| (സി) | പ്രസ്തുത പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ;വിശദമാക്കാമോ; | (സി) | ഉദ്യോഗസ്ഥ തലത്തിൽ വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് ആഫീസിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ തസ്തികകളിൽ ഒഴിവു വന്നതു കാരണം മറ്റ് ഓഫീസുകളിലെ ഉദ്യോഗസ്ഥർക്ക് ചാർജ് നൽകിയാണ് പ്രസ്തുത സമയങ്ങളിൽ പ്രവൃത്തികൾ നിർവഹിച്ചിരുന്നത്. ഇത് ടി പ്രവൃത്തികളെ ബാധിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാകുമോ? | (ഡി) | 27.03.2018 ലെ സ.ഉ.(കൈ.) നം.3/2018/ ഡി.എം.ഡി. യിലെ മാർഗ്ഗ നിർദ്ദേശ പ്രകാരം ഭരണാനുമതി തീയതി മുതൽ 6 മാസത്തിനുള്ളിൽ കരാറിലേർപ്പെടാത്തതിനാൽ പ്രസ്തുത പ്രവൃത്തികൾ സ്വമേധയാ റദ്ദായിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ